LIBRARY ARCHIVES Kerala Legislative Assembly

അക്കേഷ്യ തുടങ്ങിയ മരങ്ങൾക്ക് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ നിലവിൽ പദ്ധതികളൊന്നുംതന്നെ ഇല്ല.

(ബി) വൃക്ഷവത്കരണം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായി നടുന്ന ലക്ഷക്കണക്കിന് വൃക്ഷത്തൈകളുടെ അതിജീവന നിരക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഉത്പാദിപ്പിച്ച് വിതരണംചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 കാലഘട്ടങ്ങളിൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ചപ്രകാരം കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) തടിയാവശ്യം നിറവേറ്റാൻ കാർഷിക വനവത്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

തടിയാവശ്യം നിറവേറ്റുന്നതിനായി പ്രത്യേക കാർഷിക വനവത്കരണ പരിപാടി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഹരിത കേരളം പദ്ധതി മുഖേന 2019-20 വരെ 760.63 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്. സാമൂഹിക വനവത്കരണത്തിൻകീഴിൽ നടപ്പാക്കപ്പെടുന്ന എല്ലാ പദ്ധതികളും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നവയാണ്.

കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

130(2166) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ മാർഗ്ഗരേഖ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

24-12-2016-ലെ സ.ഉ.(സാധാ) നമ്പർ 485/2016/വനം, പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകിവരികയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽനിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരികയും ചെയ്യുന്നു. കാവുകളിലുള്ള ജൈവവൈവിധ്യം, ജലസ്രോതസ്സ്/കളങ്ങൾ, വിസ്തൃതി, കാവിലുള്ള വൃക്ഷങ്ങളുടെയും ജീവജാലങ്ങളുടെയും വിശദാംശങ്ങൾ എന്നിവ പരിഗണിച്ചാണ് കാവുകൾ തെരഞ്ഞെടുക്കുന്നത്.

തീരവനം പദ്ധതി

131(2167) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും തീരസംരക്ഷണത്തിനും മുൻസർക്കാർ നടപ്പിലാക്കിയ തീരവനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?